രൊളാണിദ്ദേഹം. തമിഴ് പത്രങ്ങളിൽ കാർട്ടൂൺ അച്ചടിക്കുന്ന പതിവ് ആരംഭിച്ചതും ഇദ്ദേഹമാണ്. പത്രപ്രവർത്തനരംഗത്തിനു പുറമെ, സാഹിത്യരംഗത്തും ചൊക്കലിംഗം മികച്ച സംഭാവനകൾ നല്കിയിട്ടുണ്ട്. പരമാനന്ദൻ എന്ന നോവലും *മണിമാലൈ* എന്ന കൃതിയും ഇതിനുദാഹരണമാണ്. സുഭാഷ്ചന്ദ്ര ബോസിന്റെയും ജവഹർലാൽ നെഹ്റുവിന്റെയും ജീവചരിത്രങ്ങളും ഇദ്ദേഹം രചിച്ചിട്ടുണ്ട്.

1937-ൽ ചൊക്കലിംഗം മദ്രാസ് ലെജിസ്ലേറ്റിവ് അസംബ്ലിയിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. 1966-ൽ ഇദ്ദേഹം അന്തരിച്ചു.

## ചൊറി (Scabies)

അതിവേഗം സംക്രമിക്കുന്ന ഒരു ചർമരോഗം. *സാർകോപ്റ്റസ് (അകാരസ്) സ്കേബീ [Sarcoptes (Acaras) Scabiei]* എന്നയിനം ചെള്ളിലെ പെൺവർഗമാണ് രോഗഹേതു. ചൊറിച്ചിലാണ് പ്രത്യേക ലക്ഷണം.

പൂർണവളർച്ചയെത്തുന്ന പെൺചെള്ളിന് സു. 0.4 മി.മീ. നീളം ഉണ്ടാവും. അണ്ഡാകൃതിയുള്ള ഇവയെ നഗ്നനേത്രങ്ങൾ കൊണ്ട് കാണാനാവും. പെൺചെള്ള് ചർമത്തിന്റെ ഉപരിതലം തുളച്ചു കയറി മാളമുണ്ടാക്കി മുപ്പതോളം മുട്ടകളിട്ടശേഷം നശിക്കുന്നു. മുട്ടവിരിഞ്ഞെത്തുന്ന ലാർവകൾ തുടരെത്തുടരെ ചർമം പൊഴിച്ച ശേഷമാണ് പൂർണവളർച്ച പ്രാപിക്കുന്നത്. ലാർവകളും ആൺ ചെള്ളുകളും രോമകൂപങ്ങളിലാണ് വസിക്കുന്നത്. ഗർഭാധാനം കഴിഞ്ഞാൽ ആൺചെള്ള് നശിക്കുന്നു. പെൺചെള്ള് മാളങ്ങളിലേക്കു കടക്കുന്നു. ഒരു ജീവിതചക്രം പൂർത്തിയാകാൻ 10 ദിവസം എടുക്കും. ചെള്ള് ശരീരത്തു പ്രവേശിച്ചു കഴിഞ്ഞാൽ രണ്ട് ആഴ്ചയ്ക്കുള്ളിൽ ചൊറിച്ചിൽ ആരംഭിക്കുന്നു. രോഗിയുടെ ശരീരസ്പർശത്തിലൂടെയാണ് രോഗം പകരുന്നത്. പ്രധാനമായും കുട്ടികളെയും ചെറുപ്പക്കാരെയുമാണ് ചൊറി പെട്ടെന്നു ബാധിക്കുന്നത്.

വിരലിടകൾ, മണിബന്ധം, കക്ഷം, ലിംഗപ്രദേശം എന്നീ ഭാഗങ്ങളിലാണ് ചൊറി ആദ്യം പ്രത്യക്ഷപ്പെടുന്നത്. ഇവിടങ്ങളിൽ ചാരനിറവും പൊറ്റപിടിച്ചതുമായ ചെറിയ പൊക്കലുകളായി ചെള്ളുകളുടെ മാളങ്ങൾ കാണാൻ കഴിയും. തുടർന്ന് മറ്റ് അവയവങ്ങളിലും ഉദരത്തിലും ചുവന്ന നിറത്തിൽ തിണർപ്പുകൾ പ്രത്യക്ഷപ്പെടുന്നു. ചെള്ളിന്റെ ആക്രമണം നിരന്തരവും രൂക്ഷവുമായ ചൊറിച്ചിലിനിടയാക്കുന്നു. രാത്രിയിലാണ് ചൊറിച്ചിൽ വർധിക്കുന്നത്. ശരീരം മാന്തിപ്പൊളിക്കുന്നതുമൂലം വ്രണവും പൊറ്റയും ധാരാളമുണ്ടാകുന്നു. സംവേദനക്ഷമത കുറഞ്ഞവരിലും (ഉദാ. കുഷ്ഠം) മന്ദബുദ്ധികളിലും (ഉദാ. മംഗോളിസം) ചൊറിച്ചിൽ കാര്യമായി അനുഭവപ്പെടുകയില്ല.

ലിൻഡേൻ ലോഷൻ (ഗാമാബെൻസീൻ ഹെക്സാക്ലോറൈഡ്) പോലുള്ള കീടനാശിനി രോഗിയുടെ കഴുത്തു മുതൽ താഴോട്ട് ശരീരമാസകലം പുരട്ടുകയാണ് ഒരു ചികിത്സാരീതി. ലോഷൻ ചെള്ളുകളെ നശിപ്പിച്ചാലും ചൊറിച്ചിൽ രണ്ടാഴ്ച കൂടി നിലനില്ക്കും. ഈ സമയത്ത് കലാമിൻ ലോഷൻ പുരട്ടാവുന്നതാണ്. രോഗിയുമായി ശാരീരികബന്ധമുള്ളവരും ഇതര കുടുംബാംഗങ്ങളും ഒരേ സമയം ചികിത്സയ്ക്ക് വിധേയരാവണം. *(നോ: ചെള്ള്).*

ആയുർവേദത്തിൽ. ചൊറിക്ക് *പാമ* എന്ന ശാസ്ത്രനാമമാണ് ആയുർവേദഗ്രന്ഥങ്ങളിൽ നല്കിയിട്ടുള്ളത്. ത്വക്‌രോഗങ്ങളെ എല്ലാം ചേർത്ത് കുഷ്ഠം എന്ന വിപുലമായ സംജ്ഞയും ഇതിനു നല്കിയിട്ടുണ്ട്. ത്വക്കിലുണ്ടാകുന്ന ചൊറിച്ചിലും കുരുക്കളും ചൊറിയുടെ ആരംഭമാകാം. ചൊറി പ്രായേണ ഉണ്ടാകുന്നത് ശുചിത്വക്കുറവുകൊണ്ടാണ്. വൃത്തിഹീനമായ ശരീരം, മലിനമായ ആഹാരം ഇവ രോഗകാരണങ്ങളിൽപ്പെടുന്നു. ചില പ്രത്യേകതരം ആഹാരം കഴിക്കുക, കൂട്ടിച്ചേർത്തു കഴിക്കുക എന്നിവ കൊണ്ടും രോഗമുണ്ടാകാം. പ്രാരംഭത്തിൽ ചൊറിഞ്ഞ് രക്തം പൊടിച്ച്, ആ രക്തം ദുഷിച്ച് പ്രത്യേകതരം ഗന്ധം ഉണ്ടാകുന്നു. അയില, മത്തി (ചാള) എന്നീ മത്സ്യങ്ങളുടെ തൊലിയിലുള്ള ചില പ്രത്യേക രാസവസ്തുക്കൾ ഈ രോഗം ഉണ്ടാക്കുകയും വർധിപ്പിക്കുകയും ചെയ്യും. ഈ തരത്തിലുള്ള മത്സ്യം കൂടുതലായി ഉപയോഗിക്കുന്ന തീരദേശവാസികളിൽ താരതമ്യേന രോഗം കൂടുതലായി കണ്ടുവരുന്നുണ്ട്. രോഗം ബാധിച്ചവർ ഇടയ്ക്കിടെ വയറിളക്കുന്നത് നല്ലതാണ്. കുളകാദി, ഗുളച്യാദി, പടോലകടുരോഹിണ്യാദി എന്നിങ്ങനെയുള്ള കഷായങ്ങളും നാല്പാമരാദികേരം, ഗോപാഗനാകേരം, ചെമ്പരത്യാദികേരം, ദിനേശവല്യാദിതൈലം എന്നീ തൈലങ്ങളും താരതമ്യേന ഗുണമുള്ളവയാണ്. ഔഷധോപയോഗത്തോടൊപ്പം ബാഹ്യാഭ്യന്തരശുചിത്വത്തിനും പ്രാധാന്യം നല്കണം. രോഗം ബാധിച്ച ശരീരഭാഗങ്ങൾ പലതവണ ഔഷധം കൊണ്ടു തയ്യാറാക്കിയ വെള്ളം കൊണ്ടു കഴുകണം. ശുദ്ധജല സ്നാനം-പ്രത്യേകിച്ചും ഒഴുക്കുള്ള ജലത്തിലെ സ്നാനം-കൈകണ്ട ഔഷധമാണ്. രോഗം ബാധിച്ചവരെ മാറ്റിപ്പാർപ്പിച്ചു ചികിത്സിക്കണം. അവരുടെ വസ്ത്രം, പാത്രങ്ങൾ എന്നിവ പ്രത്യേകമായി തന്നെ വയ്ക്കണം. കുരുമുളകുവള്ളി ചതച്ചു കഴുകുന്നതും കദളിപ്പഴവും ഇന്തുപ്പും കൂടി കുഴച്ച് ചൊറിയുള്ള ഭാഗത്തു തേച്ചു പിടിപ്പിച്ച് കുറച്ചു സമയത്തിനുശേഷം കഴുകിക്കളയുന്നതും വിശിഷ്ട ചികിത്സയാണ്. സർപ്പദോഷം കൊണ്ട് ഈ രോഗം ഉണ്ടാവാമെന്ന് ചിലർ വിശ്വസിച്ചുവരുന്നു. ഉരഗവർഗത്തിന്റെ പുറത്തുള്ള രാസവസ്തുക്കളുടെ സമ്പർക്കമാണ് രോഗകാരണം.

(ഡോ. എൻ.എസ്. നാരായണൻ നായർ)

## ചൊറിതണം

*നോ:* കൊടിത്തൂവ

## ചൊറിത്തവള

അനൂറ (Anura) ഉപവർഗത്തിലെ ബുഫോനിഡേ (Bufonidae) കുടുംബത്തിൽപ്പെട്ട ഒരിനം തവള. ശാസ്ത്രനാമം: *ബുഫോ മെലനോസ്റ്റിക്റ്റസ് (Bufo melanostictus)*. ശരീരത്തു പുരണ്ടാൽ ചൊറിച്ചിലുളവാക്കുന്ന ഒരു ദ്രവം ഇവ പുറപ്പെടുവിക്കുന്നതിനാലാണ് ചൊറിത്തവള എന്ന പേരുണ്ടായത്.



ചൊറിത്തവള

ഇതിന്റെ പുറന്തൊലി നനവില്ലാത്തതും ചെറുകുരുക്കൾ പോലുള്ള ത്വഗ്ഗ്രന്ഥികൾ കൊണ്ടു നിറഞ്ഞതുമാണ്. ഇവയുടെ തലയുടെ പാർശ്വഭാഗത്തുള്ള പരോറ്റിഡ് ഗ്രന്ഥികൾക്ക് മറ്റു ഗ്രന്ഥികളെക്കാൾ വലുപ്പമുണ്ട്. ഈ ഗ്രന്ഥികളാണ് ചൊറിച്ചിലുണ്ടാക്കുന്ന ദ്രാവകം സ്രവിപ്പിക്കുന്നത്. ഭയപ്പെടുമ്പോഴും മൃദുവല്ലാത്ത സ്പർശമേല്ക്കുമ്പോഴും പരോറ്റിഡ് ഗ്രന്ഥികൾ ദ്രാവകം ചീറ്റി തെറിപ്പിക്കുന്നു. ദ്രാവകം സ്വന്തം ശരീരത്തിൽ പുരട്ടിയും ഇവ ശത്രുക്കളിൽ നിന്നു രക്ഷനേടാറുണ്ട്. ദ്രാവകത്തിൽ ബുഫോടാലിൻ (Bufotalin), ബുഫോജിൻ (Bufogin) എന്നീ വിഷപദാർഥങ്ങളാണ് അടങ്ങിയിട്ടുള്ളത്. ബുഫോ വർഗത്തിലെ മറ്റു ചില തവളകളിലും ഇത്തരം ദ്രാവകങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ചൊറിത്തവളകളെ ഭക്ഷിക്കാനൊരുമ്പെടുമ്പോൾ തന്നെ ജന്തുക്കൾക്ക് ഛർദി, ശ്വാസതടസ്സം, പേശീതളർച്ച തുടങ്ങിയവ ഉണ്ടാകാറുണ്ട്.

(ഡോ. എ.സി. ഫെർണാൻറസ്)